**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1705** **20-06-2024 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ ഫാം ടൂറിസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. വി. അൻവർ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എവിടെയൊക്കെയാണ് ഫാം ടൂറിസം പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദാംശം സഹിതം അറിയിക്കുമോ; പദ്ധതി നടത്തിപ്പ് ടൂറിസം വകുപ്പുമായി സഹകരിച്ചാണോയെന്ന് അറിയിക്കാമോ; | (എ) | ടൂറിസം വകുപ്പുമായി ചേർന്ന് കൊണ്ട് കൃഷി വകുപ്പ് ഫാം ടൂറിസം പദ്ധതി നടപ്പിലാക്കിയിട്ടില്ല. കൃഷി വകുപ്പിന്റെ ഫാമുകളിൽ ഫാം ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിനുള്ള സാധ്യത പരിശോധിച്ചു വരുന്നു. |
| (ബി) | മലപ്പുറം ജില്ലയിലെ ഏതെങ്കിലും കൃഷി ഫാമുകൾ ഫാം ടൂറിസം പദ്ധതി നടപ്പാക്കുന്നതിന് അനുയോജ്യമാണോ എന്നറിയിക്കാമോ; ഇതിനുള്ള പദ്ധതി നിർദ്ദേശങ്ങൾ നിലവിലുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ; ഇത് സംബന്ധിച്ച നടപടിക്രമങ്ങൾ അറിയിക്കാമോ; | (ബി) | ടൂറിസം വകുപ്പുമായി ചേർന്ന് കൊണ്ട് കൃഷി വകുപ്പ് ഫാം ടൂറിസം പദ്ധതി നടപ്പിലാക്കിയിട്ടില്ല. കൃഷി വകുപ്പിന്റെ ഫാമുകളിൽ ഫാം ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിനുള്ള സാധ്യത പരിശോധിച്ചു വരുന്നു. |
| (സി) | മലപ്പുറം ജില്ലയിലെ മുണ്ടേരി വിത്തുകൃഷി തോട്ടത്തിലെ ഫാം ഡേയോടനുബന്ധിച്ച് നടത്തിയ നിറവ് എന്ന പേരിലുള്ള കാർഷിക പ്രദർശനം വിജയകരമായിരുന്നോയെന്നും പരിപാടിയിൽ പൊതുജന പങ്കാളിത്തം എത്രയുണ്ടായിരുന്നുവെന്നും വ്യക്തമാക്കാമോ; | (സി) | ഫാം ഡേയോടനുബന്ധിച്ച് 2024 ഫെബ്രുവരി 24, 25, 26 തീയതികളിൽ നിറവ് എന്ന പേരിൽ ആദ്യമായി നടത്തിയ കാർഷിക പ്രദർശന മേള വിജയകരമായിരുന്നു. പ്രസ്തുത മേളയിൽ പതിനായിരത്തിലധികം ആളുകൾ പങ്കെടുത്തു. പ്രസ്തുത ദിവസങ്ങളിൽ മാത്രം ഫാമിന്റെ വിറ്റുവരവായി 4.77 ലക്ഷം രൂപ സർക്കാരിലേയ്ക്ക് ഒടുക്കുന്നതിന് സാധിച്ചിട്ടുണ്ട്. |
| (ഡി) | മുണ്ടേരി വിത്തുകൃഷി തോട്ടം കേന്ദ്രീകരിച്ച് ഒരു ഫാം ടൂറിസം പദ്ധതി നടപ്പാക്കുന്നതിനുവേണ്ട വിശദമായ റിപ്പോർട്ട് തയ്യാറാക്കുന്നതിന് ജനപ്രതിനിധികളും ഉദ്യോഗസ്ഥരും ഈ വിഷയത്തിലെ വിദഗ്ധരും അടങ്ങുന്ന സമിതിയെ നിയോഗിക്കുമോ; വിശദമാക്കാമോ? | (ഡി) | പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ